"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - പൊതുഭരണവകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതിവിജി.ആർ(പെൻ-662667)-ന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം- പ്രാബല്ല്യ തീയതി പുനഃനിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2794/2025/GAD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരം ജില്ലാ ഓഫീസറുടെ 09.12.2011 തീയതിയിലെ നം.DTB(1)1449/04 നിയമന ശിപാർശ
2. പൊതുഭരണ (സർവ്വീസസ് ഇ) വകുപ്പിൽ നിന്നുള്ള 19.01.2012 തീയതിയിലെ നിയമന മെമ്മോ നം.എസ്.ഇ2/5319/2012-പൊഭവ
3. മെമ്മോ നം.എസ്.ഇ2/48750/2012-പൊഭവ തീയതി. 28.03.2014
4. മെമ്മോ നം.എസ്.ഇ2/71652/2014-പൊഭവ തീയതി.07.10.2014
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ 24.03.2022 തീയതിയിലെ നം.GEN2/E/V 231/1955/25-3-2022 കത്ത്.

**<u>ഉത്തരവ്</u>**

പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.വിജി.ആർ - നെ പരാമർശം (1) നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 16.01.2012 പൂർവ്വാഹ്നത്തിൽ പൊതുഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമിക്കുകയും, ടിയാൾ പ്രസ്തുത തസ്തികയിലെ നിരീക്ഷണ കാലം പരാമർശം (3) പ്രകാരം 16.01.2014 പ്രാബല്ല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൾക്ക് പരാമർശം (4) പ്രകാരം 28.12.2013 പ്രാബല്ല്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു.

2) സ്ഥാനക്കയറ്റം നൽകിയ പ്രാബല്ല്യ തീയതി ക്രമപ്രകാരമല്ലെന്ന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടുകയുണ്ടായി.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.വിജി.ആർ (പെൻ.662667) ന് പരാമർശം (4) പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് നൽകിയ സ്ഥാനക്കയറ്റ മെമ്മോയിലെ പ്രാബല്ല്യ തീയതി, ടിയാൾ നിരീക്ഷണ കാലം തൃപ്തികരമായി പൂർത്തിയാക്കിയ 16.01.2014 ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4)** ഇതിൻപ്രകാരം പൊതുഭരണ (അക്കൗണ്ട്സ് എച്ച്) വകുപ്പ് ടിയാളുടെ ശമ്പളം പുനർ നിശ്ചയിക്കുന്നതിനും, അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീമതി.വിജി.ആർ, സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ&ഇ, ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (അക്കൗണ്ട്സ് എച്ച്/AMC/ജെ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ&പി.ആർ.ഡി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Renjith M S
Date: 26-06-2025 13:35:17
സെക്ഷൻ ഓഫീസർ